ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.04.2025**

## പ്രധാനവാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം; പാകിസ്ഥാനുമായുള്ള സിന്ധു നദീജല ഉടമ്പടി മരവിപ്പിച്ച് ഇന്ത്യ; അട്ടാരി അതിർത്തി അടച്ചു.

2.) ജമ്മു കശ്മീരിലെ ഉധംപൂരിൽ ഭീകരരും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു.

3.) ദേശീയ പഞ്ചായത്തിരാജ് ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു.

4.) സംസ്ഥാനത്തെ വ്യവസായ രംഗത്തുണ്ടായത് മികച്ച വളർച്ചയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5.) സാമൂഹ്യ, ക്ഷേമ പെൻഷന്റെ ഒരു ഗഡു കുടിശിക കൂടി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനം; അടുത്ത മാസം രണ്ടു ഗഡു ക്ഷേമ പെൻഷൻ ലഭിക്കും.

*****************************

### പഹൽഗാം - സർവ്വകക്ഷിയോഗം

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം

RNJ TVPM

വിളിച്ചു. വൈകിട്ട് 6 മണിക്ക് പാർലമെന്റ് മന്ദിരത്തിലാണ് യോഗം നടക്കുക.

*******************************

## കേന്ദ്രസർക്കാർ നടപടി

പാകിസ്ഥാന്റെ ഉന്നത നയതന്ത്രജ്ഞൻ സാദ് അഹമ്മദ് വാറൈച്ചിനെ വിളിച്ചുവരുത്തി പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ സൈനിക നയതന്ത്രജ്ഞരെ പുറത്താക്കുന്നതായ ഉത്തരവ് കേന്ദ്രസർക്കാർ കൈമാറി. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി. നേരത്തെ 1960 ലെ സിന്ധു നദീജല ഉടമ്പടി താൽക്കാലികമായി മരവിപ്പിക്കുകയും, പഞ്ചാബ്, വാഗയിലെ അട്ടാരി അതിർത്തി അടക്കുകയും ചെയ്തിരുന്നു. കൂടാതെ സാർക്ക് വിസ ഇളവ് പദ്ധതി പ്രകാരം പാകിസ്ഥാൻ പൗരന്മാർക്കുള്ള യാത്ര അനുമതിയും ഇന്ത്യ താൽക്കാലികമായി നിർത്തിവച്ചു.

RAJU TVPM

*******************************

## കുൽഗാം - ഭീകരവിരുദ്ധ ദൗത്യം

ജമ്മു കശ്മീരിലെ ഉധംപൂരിൽ ഭീകരരും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. പ്രദേശത്ത് ഭീകരരുടെ സാന്നിധ്യമുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ സേന നടത്തിയ തിരച്ചിലിനിടെയാണ് വെടിവയ്പ്പ് ഉണ്ടായത്. തെക്കൻ കശ്മീരിൽ കുൽഗാം ജില്ലയിലെ ടാങ്മാർഗ് പ്രദേശത്തും ഭീകരർക്കായുള്ള തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

*******************************

## ബന്ദിപ്പോര തീവ്രവാദികൾ

ജമ്മു കശ്മീരിലെ ബന്ദിപ്പോര ജില്ലയിൽ ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തതായി

റിപ്പോർട്ട്. രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ തിരച്ചിലിലാണ് നാല് പേർ പിടിയിലായത്. ഇവരുടെ പക്കൽ നിന്ന് ആയുധങ്ങളും സ്ഫോടകവസ്തുക്കളും പിടിച്ചെടുത്തു.

******************************

## പഹൽഗാം- സംസ്കാര ചടങ്ങുകൾ

ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ എറണാകുളം സ്വദേശി എൻ രാമചന്ദ്രൻറെ സംസ്കാരം നാളെ ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. ഇന്നലെ രാത്രി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിച്ച ഭൗതികദേഹത്തിൽ സംസ്ഥാന സർക്കാരിനും മുഖ്യമന്ത്രിക്കും വേണ്ടി മന്ത്രി പി പ്രസാദ് പുഷ്പചക്രം സമർപ്പിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ, ഹൈബി ഈഡൻ എം.പി തുടങ്ങിയവരും അന്ത്യോപചാരം അർപ്പിച്ചു.

******************************

## പ്രധാനമന്ത്രി - ബീഹാർ

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ രാജ്യത്തെ പഞ്ചായത്തുകളെ ശാക്തീകരിക്കാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. അടിസ്ഥാന സൗകര്യ മേഖലയിലെ അതിവേഗ മാറ്റങ്ങൾ വികസിത ഭാരതത്തിനായുള്ള യാത്രയെ ത്വരിതപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ബിഹാറിലെ മധുബനിയിൽ ദേശീയ പഞ്ചായത്തിരാജ് ദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച പ്രധാനമന്ത്രി ഭീകരവാദികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകി. 13,480 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിച്ചു.

RNU TVPM

*****************************

<u>നാലാം വാർഷികം-യോഗം .. ഇൻട്രോ</u>

സംസ്ഥാനത്ത് 2016 മുതൽ വ്യവസായ രംഗത്ത് മികച്ച രീതിയിലുള്ള വളർച്ചയാണുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്...)

ഈ മാസം 21 ന് കാസർഗോഡായിരുന്നു വാർഷികാ ഘോഷങ്ങൾക്ക് തുടക്കമായത്.

*****************************

<u>പഹൽഗാം - മുഖ്യമന്ത്രി</u>

പഹൽഗാം ആക്രമണത്തെ തുടർന്ന് തിരികെയെത്താൻ സഹായം ആവശ്യമുള്ള മലയാളികൾക്ക് സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താമെന്ന് മുഖ്യമന്ത്രി അറിയിച്ചു. യാത്രാ, ചികിത്സാ സഹായങ്ങളുൾപ്പടെ വേണ്ടവർക്ക് ഡൽഹിയിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയതായും മുഖ്യമന്ത്രി പറഞ്ഞു.

*****************************

<u>ക്ഷേമ പെൻഷൻ</u>

സാമൂഹ്യ, ക്ഷേമ പെൻഷൻ കുടിശികയിൽ ഒരു ഗഡുകൂടി അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. മെയ് മാസത്തെ പെൻഷനൊപ്പം ഒരു ഗഡു കുടിശിക കൂടി ലഭിക്കും. ഇതിനായി 1,800 കോടി രൂപ ആവശ്യമായി വരുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

*****************************

RNU TVPM

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************

അമ്പലമുക്ക് - കൊലപാതകം

തിരുവനന്തപുരം അമ്പലമുക്ക് വിനീത വധക്കേസിൽ പ്രതി രാജേന്ദ്രന് വധശിക്ഷ. തിരുവനന്തപുരം സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. നേരത്തെ 3 കൊലപാതക കേസുകളിലും തമിഴ്നാട് തോവാള സ്വദേശി രാജേന്ദ്രൻ പ്രതിയായിരുന്നു. 2022 ഫെബ്രുവരി ആറിനായിരുന്നു മോഷണത്തിനിടെ വിനീതയെ കൊലപ്പെടുത്തിയത്.

*****************************

മസ്തിഷ്ക ജ്വരം

തിരുവനന്തപുരം ജില്ലയിൽ വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം. രോഗം സ്ഥിരീകരിച്ച കടയ്ക്കാവൂർ കീഴാറ്റിങ്ങൽ സ്വദേശി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. രണ്ട് പേർ കൂടി നിരീക്ഷണത്തിലാണെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു.

*****************************

ബി ജെ പി - ജില്ലാ കൺവെൻഷൻ

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നയിക്കുന്ന വികസിത കേരളം ജില്ലാ കൺവൻഷൻ ഇന്ന് തിരുവനന്തപുരത്ത്. തിരുവനന്തപുരം സെൻട്രൽ - നോർത്ത് ജില്ലാ കൺവൻഷനുകളാണ് നടക്കുന്നത്. വികസിത കേരളമാണ് ബിജെപിയുടെ ലക്ഷ്യമെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത ബി ജെ പി

RNU TVPM

സംസ്ഥാന അധ്യക്ഷന്‍ പറഞ്ഞു. നാളെ കണ്ണൂരിലാണ് വികസിത കേരളം കണ്‍വെന്‍ഷന്‍.

******************************

## സിപിഐ

സിപിഐ ദേശീയ കൗണ്‍സില്‍ യോഗം തിരുവനന്തപുരത്ത് എം എന്‍ സ്മാരകത്തില്‍ പുരോഗമിക്കുന്നു. ചണ്ഡീഗഢില്‍ സെപ്റ്റംബറില്‍ നടക്കുന്ന 25-ാം പാര്‍ട്ടി കോണ്‍ഗ്രസില്‍ അവതരിപ്പിക്കേണ്ട പ്രമേയം ചര്‍ച്ചയാകും. പത്ത് വര്‍ഷത്തിനുശേഷമാണ് കേരളത്തില്‍ ദേശീയ കൗണ്‍സില്‍ ചേരുന്നത്. പാര്‍ട്ടിയുടെ നൂറാം വാര്‍ഷികാഘോഷങ്ങളുടെ ഭാഗമായി ഇന്ന് വൈകിട്ട് എം എന്‍ സ്മാരകം ജങ്ഷനില്‍ പൊതുസമ്മേളനവും നടക്കും.

******************************

## ചേറ്റൂര്‍ ശങ്കരന്‍ നായര്‍-ഓര്‍മ്മദിനം (ഇന്‍ട്രോ)

ഇന്ത്യന്‍ നാഷണല്‍ കോണ്‍ഗ്രസിന്റെ ഏക മലയാളി അധ്യക്ഷനായിരുന്ന ചേറ്റൂര്‍ ശങ്കരന്‍ നായരുടെ ചരമവാര്‍ഷികത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ പരിപാടികള്‍ സംഘടിപ്പിച്ചു. പാലക്കാട് മങ്കരയിലുള്ള ചേറ്റൂര്‍ സ്മൃതി മണ്ഡപത്തില്‍ കോണ്‍ഗ്രസും , ബി.ജെ.പി യും പ്രത്യേകം അനുസ്മരണ പരിപാടികള്‍ സംഘടിപ്പിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസല്‍ അലിമുത്ത്.....**

(വോയ്സ്)

1897 അമരാവതി സമ്മേളനത്തിലാണ് ചേറ്റൂര്‍ ശങ്കരന്‍ നായര്‍ ഇന്ത്യന്‍ നാഷണല്‍ കോണ്‍ഗ്രസിന്റെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെടുന്നത്. ചേറ്റൂരിന്റെ 91-ാം ചരമ വാര്‍ഷിക

RNU TVPM

ദിനമായ ഇന്ന് കെ.പി.സി.സി ആസ്ഥാനത്തും കണ്ണൂർ ഡി സി സി ഓഫീസിലും അനുസ്മരണ പരിപാടി നടന്നു.

*******************************

## ദേശീയ അത്ലറ്റ് മത്സരം

കൊച്ചിയിൽ നടന്ന നാഷണൽ ഫെഡറേഷൻ സീനിയർ അത്ലറ്റിക്സ്, വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ മീറ്റ് റെക്കോഡോടെ സ്വർണം കരസ്ഥമാക്കിയ ഒളിമ്പ്യൻ വിദ്യാ രാംരാജ്, ഏഷ്യൻ ചാമ്പ്യൻഷിപ്പിന് യോഗ്യത നേടി. പുരുഷന്മാരുടെ 400 മീറ്റർ ഹർഡിൽസിൽ യശസ് പലക്ഷ സ്വർണം നേടി. പുരുഷ വിഭാഗം ഹാമർത്രോയിൽ ദംനീത് സിംഗ് സ്വർണവും, പ്രവീൺകുമാർ വെള്ളിയും, ഗുർദേവ് സിംഗ് വെങ്കലവും നേടി. വനിതകളുടെ ട്രിപ്പിൾ ജംപിൽ നിഹാരിക വസിഷ്ഠ് സ്വർണം സ്വന്തമാക്കി.

RNU TVPM

*******************************

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് ബംഗളൂരു എം.ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

*******************************

## വിനോദ സഞ്ചാരം - കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവേകി, "ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും ഒരു വിനോദസഞ്ചാര കേന്ദ്രം" എന്ന സർക്കാർ പദ്ധതി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....**

**(വോയ്സ്)**

*******************************

## ഫ്രാൻസിസ് മാർപ്പാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട ചൊല്ലാനൊരുങ്ങി വിശ്വാസി സമൂഹം. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെ സംസ്കാര ചടങ്ങുകൾ ആരംഭിക്കും. റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. സംസ്കാര ചടങ്ങുകളിൽ കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും.

*******************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് **239** പോയിന്റ് ഇടിഞ്ഞ് **79,879** ലും, നിഫ്റ്റി **58** പോയിൻറ് താഴ്ന്ന് 24,272 ലും വ്യാപരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് പത്ത് രൂപ കുറഞ്ഞ് **9,005** രൂപയും, പവന് **72,040** രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*******************************

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം ഊറ്റുകുഴി ജംഗ്ഷനിൽ വാട്ടർ അതോറിറ്റിയുടെ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്നും നാളെയും വിവിധയിടങ്ങളിൽ ജലവിതരണം മുടങ്ങും. നാളെ രാവിലെ 10 മണി വരെ നന്ദാവനം, ബേക്കറി , ഊറ്റുകുഴി , സെക്രട്ടേറിയറ്റ്, മാഞ്ഞാലിക്കുളം റോഡ്, ആയുർവേദ കോളേജ് , ഗാന്ധാരി അമ്മൻകോവിൽ റോഡ്, മേലേതമ്പാനൂർ, പുളിമൂട് എന്നിവിടങ്ങളിലാണ് ജലവിതരണം തടസപ്പെടുക.

*******************************************************************************************